**മധുരമായ കുട്ടികളേ - യോഗം അഗ്നിക്കുസമാനമാണ്, ഇതിൽ നിങ്ങളുടെ പാപം കത്തിനശിക്കുന്നു, ആത്മാവ് സതോപ്രധാനമായി മാറുന്നു അതിനാൽ ഒരു ബാബയുടെ ഓർമ്മയിൽ ഇരിക്കൂ.**

**ചോദ്യം:-** പുണ്യാത്മാവായി മാറുന്ന കുട്ടികൾക്ക് ഏതൊരു കാര്യത്തിലാണ് വളരെയധികം ശ്രദ്ധ നൽകേണ്ടത്?

**ഉത്തരം:-** ധനം ആർക്ക് ദാനം നൽകണം, ഈ കാര്യത്തിൽ പരിപൂർണ്ണ ശ്രദ്ധയുണ്ടായിരിക്കണം. അഥവാ ആർക്കെങ്കിലും ധനം നൽകി അവർ അതുപയോഗിച്ച് മദ്യം കഴിച്ചു, മോശമായ കാര്യങ്ങൾക്ക് ഉപയോഗിച്ചുവെങ്കിൽ അതിന്റെ പാപം നിങ്ങളുടെമേൽ വരും. നിങ്ങൾക്ക് ഇപ്പോൾ പാപാത്മാക്കളുമായി കൊടുക്കൽ വാങ്ങൽ നടത്തേണ്ടതില്ല. ഇവിടെ നിങ്ങൾക്ക് പുണ്യാത്മാവായി മാറണം.

**ഗീതം:-** അങ്ങ് ഞങ്ങളിൽ നിന്നും വേർപിരിയില്ല...

**ഓം ശാന്തി**. ഓർമ്മയുടെ അഗ്നി എന്നാണ് ഇതിനെ പറയുന്നത്. യോഗാഗ്നി എന്നു പറഞ്ഞാൽ ഓർമ്മയുടെ അഗ്നി. അഗ്നി എന്ന വാക്ക് എന്തുകൊണ്ടാണ് ഉപയോഗിക്കുന്നത്? എന്തുകൊണ്ടെന്നാൽ ഇതിൽ പാപം കത്തിനശിക്കുന്നു. എങ്ങനെയാണ് നമ്മൾ തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി മാറുന്നത്-ഇത് നിങ്ങൾ കുട്ടികൾ മാത്രമേ അറിയുന്നുള്ളു. സതോപ്രധാനം എന്നതിന്റെ അർത്ഥം തന്നെ പൂണ്യാത്മാവ് എന്നതാണ് ,അതുപോലെ തമോപ്രധാനം എന്നതിന്റെ അർത്ഥം പാപാത്മാവ് എന്നതാണ്. ഇവർ വലിയ പുണ്യാത്മാവാണ്, ഇത് പാപാത്മാവാണ് എന്നൊക്കെ പറയാറുണ്ട്. ഇതിലൂടെ വ്യക്തമാകുന്നു ആത്മാവുതന്നെയാണ് സതോപ്രധാനമായി മാറുന്നത് പിന്നീട് പുനർജന്മങ്ങൾ എടുത്തെടുത്ത് തമോപ്രധാനമായും മാറുന്നു അതിനാലാണ് ഇവരെ പാപാത്മാക്കൾ എന്നു വിളിക്കുന്നത്. വന്നു പാവനമാക്കി മാറ്റൂ എന്ന് പറഞ്ഞ് പതിതപാവനനായ ബാബയെ ഓർമ്മിക്കുന്നതും ഇതിനുവേണ്ടിയാണ്. ആരാണ് പതിത ആത്മാവാക്കി മാറ്റിയത്? ഇത് ആർക്കും അറിയില്ല. എപ്പോഴാണോ പാവനമായ ആത്മാക്കൾ ഉണ്ടായിരുന്നത് അപ്പോൾ അതിനെ രാമരാജ്യം എന്നാണ് പറഞ്ഞിരുന്നത് എന്ന് നിങ്ങൾക്കറിയാം. ഇപ്പോൾ പതിതമായ ആത്മാക്കളാണ് അതിനാൽ ഇതിനെ രാവണരാജ്യം എന്നാണ് വിളിക്കുന്നത്. ഭാരതം തന്നെയാണ് പാവനവും, പതിതവുമായി മാറുന്നത്. ബാബ തന്നെയാണ് വന്ന് ഭാരതത്തെ പാവനമാക്കി മാറ്റുന്നത്. ബാക്കി എല്ലാ ആത്മാക്കളും പാവനമായി മാറി ശാന്തിധാമത്തിലേക്ക് പോകും. ഇപ്പോൾ ദുഃഖധാമമാണ്. ഇത്ര സഹജമായ കാര്യംപോലും ബുദ്ധിയിൽ ഇരിക്കുന്നില്ല. എപ്പോൾ ഹൃദയംകൊണ്ട് മനസ്സിലാക്കുന്നുവോ അപ്പോഴേ സത്യമായ ബ്രാഹ്മണനായി മാറുകയുള്ളു. ബ്രാഹ്മണനായി മാറാതെ ബാബയിൽ നിന്നും സമ്പത്ത് ലഭിക്കുകയില്ല.

ഇപ്പോൾ ഇത് സംഗമയുഗത്തിലെ യജ്ഞമാണ്. യജ്ഞത്തിന് തീർച്ചയായും ബ്രാഹ്മണർ വേണം. ഇപ്പോൾ നിങ്ങൾ ബ്രാഹ്മണരായിരിക്കുന്നു. അറിയാം ഇത് മൃത്യുലോകത്തിലെ അന്തിമ യജ്ഞമാണ്. മൃത്യുലോകത്തിൽ തന്നെയാണ് യജ്ഞം ഉണ്ടാകുന്നത്. അമരലോകത്തിൽ യജ്ഞം ഉണ്ടാകില്ല. ഭക്തരുടെ ബുദ്ധിയിൽ ഈ കാര്യങ്ങൾ ഇരിക്കുക സാധ്യമല്ല. ഭക്തി തീർത്തും വേറെയാണ്. ജ്ഞാനം വേറെയാണ്. മനുഷ്യർ പിന്നീട് വേദങ്ങളേയും, ശാസ്ത്രങ്ങളേയും ജ്ഞാനമെന്നു കരുതുന്നു. അഥവാ അതിൽ ജ്ഞാനമുണ്ടായിരുന്നെങ്കിൽ മനുഷ്യർ തിരിച്ച് പോകുമായിരുന്നു. എന്നാൽ ഡ്രാമയനുസരിച്ച് ആർക്കും തിരിച്ചു പോകാൻ സാധിക്കില്ല. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് ,ആദ്യനമ്പറിലുള്ളവർക്കുപോലും സതോ, രജോ, തമോയിലേയ്ക്ക് വരണം എങ്കിൽ പിന്നെങ്ങനെ രണ്ടാമതുള്ളവർക്ക് രജോയിലെ പാർട്ട് മാത്രം അഭിനയിച്ച് തിരിച്ച് പോകാൻ സാധിക്കും? അവർക്ക് പിന്നീട് തമോപ്രധാനത്തിലേയ്ക്ക് വരണം, പാർട്ട് അഭിനയിക്കുകതന്നെ വേണം. ഓരോ അഭിനേതാവിന്റേയും ശക്തി വ്യത്യസ്തമായിരിക്കുമല്ലോ. വലിയ വലിയ അഭിനേതാക്കൾ എത്ര പ്രശസ്തരായിരിക്കും. ഏറ്റവും മുഖ്യമായ രചയിതാവും,സംവിധായകനും, മുഖ്യ അഭിനേതാവും ആരാണ്? ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട് ഈശ്വരീയ പിതാവാണ് മുഖ്യം, പിറകെ ജഗദംബ, ജഗദ്പിതാവ്. ജഗത്തിന്റെ അധികാരി, വിശ്വത്തിന്റെ അധികാരിയായി മാറുന്നു, ബ്രഹ്മാവിന്റെ പാർട്ട് തീർച്ചയായും ഉയർന്നതാണ്. അതിനാൽ അവരുടെ പ്രതിഫലവും ഉയർന്നതാണ്. ഏറ്റവും ഉയർന്ന ബാബയാണ് പ്രതിഫലം നൽകുന്നത്. പറയുന്നു നിങ്ങൾ എന്നെ ഇത്രയും സഹായിക്കുന്നു അതിനാൽ അതിന് തീർച്ചയായും പ്രതിഫലവും കൂടുതൽ ലഭിക്കും. വക്കീലാവാൻ പഠിപ്പിച്ചാലും പറയുമല്ലോ, ഇത്രയും ഉയർന്ന പദവി പ്രാപ്തമാക്കിത്തരുന്നു എങ്കിൽ ഈ പഠിപ്പിൽ കുട്ടികൾക്ക് എത്ര ശ്രദ്ധ നൽകണം. ഗൃഹസ്ഥത്തിലും കഴിയണം, കർമ്മയോഗ സന്യാസമല്ലേ. ഗൃഹസ്ഥ വ്യവഹാരത്തിൽ ഇരുന്നുകൊണ്ടും, എല്ലാം

ചെയ്തുകൊണ്ടും ബാബയിൽ നിന്നും സമ്പത്ത് നേടുന്നതിനുള്ള പുരുഷാർത്ഥം ചെയ്യാൻ സാധിക്കും, ഇതിൽ ഒരു ബുദ്ധിമുട്ടുമില്ല. ജോലികൾ ചെയ്തുകൊണ്ടും ശിവബാബയുടെ ഓർമ്മയിൽ ഇരിക്കണം. ജ്ഞാനം വളരെ സഹജമാണ്. പാടുന്നുമുണ്ട്– അല്ലയോ പതിതപാവനാ... വരൂ, വന്ന് ഞങ്ങളെ പാവന മാക്കി മാറ്റൂ.... പാവനലോകത്തിൽ രാജധാനിയാണുള്ളത് അതിനാൽ ബാബ ആ രാജധാനിയ്ക്ക് യോഗ്യ രാക്കിയും മാറ്റുന്നു.

ഈ ജ്ഞാനത്തിൽ മുഖ്യമായ രണ്ട് കാര്യങ്ങളുണ്ട് – അല്ലാഹുവും, സമ്പത്തും. സ്വദർശന ചക്രധാരി യായി മാറൂ, എന്നിട്ട് ബാബയെ ഓർമ്മിക്കൂ.. എങ്കിൽ നിങ്ങൾ സദാ ആരോഗ്യവാനും, സമ്പന്നനുമായി മാറും. ബാബ പറയുന്നു എന്നെ അവിടെ ഓർമ്മിക്കൂ. വീടിനേയും ഓർമ്മിക്കൂ, എന്നെ ഓർമ്മിക്കുന്നതി ലൂടെ നിങ്ങൾ വീട്ടിലെത്തും. സ്വദർശന ചക്രധാരിയായി മാറുന്നതിലൂടെ നിങ്ങൾ ചക്രവർത്തീ രാജാവാ കും. ഇത് ബുദ്ധിയിൽ വളരെ നല്ലരീതിയിൽ ധാരണ ചെയ്യണം. ഈ സമയത്ത് എല്ലാവരും തമോപ്രധാന മാണ്. സുഖധാമത്തിൽ സുഖം, ശാന്തി, സമ്പത്ത് എല്ലാം ലഭിക്കും. അവിടെ ഒരു ധർമ്മമേയുണ്ടാകൂ. നോക്കൂ, ഇപ്പോൾ വീട് വീടാന്തരം അശാന്തിയാണ്. വിദ്യാർത്ഥികൾ എത്ര ബഹളമുണ്ടാക്കുന്നു. തന്റേത് പുതിയ രക്തമാണ് എന്ന് കാണിക്കുകയാണ്. ഇത് തമോപ്രധാനമായ ലോകമാണ്, സത്യയുഗമാണ് പുതിയ ലോകം. ബാബ സംഗമത്തിൽ വന്നിരിക്കുകയാണ്. മഹാഭാരതയുദ്ധവും സംഗമത്തിലാണ്. ഇപ്പോൾ ഈ ലോകം മാറണം. ബാബയും പറയുന്നു ഞാൻ പുതിയ ലോകത്തിന്റെ സ്ഥാപന ചെയ്യാനായി സംഗമ ത്തിലാണ് വരുന്നത്, ഇതിനെത്തന്നെയാണ് പുരുഷോത്തമ സംഗമയുഗം എന്ന് പറയുന്നത്. പുരുഷോ ത്തമ മാസം, പുരുഷോത്തമ വർഷം എന്നിങ്ങനെയെല്ലാം ആഘോഷിക്കാറുണ്ട്. എന്നാൽ ഈ പുരുഷോ ത്തമ സംഗമയുഗത്തെ ആരും അറിയുന്നില്ല. സംഗമത്തിൽത്തന്നെയാണ് ബാബ വന്ന് നിങ്ങളെ വജ്ര മാക്കി മാറ്റുന്നത്. എങ്കിലും ഇതിൽ നമ്പർവൈസ് ആയിരിക്കും. വജ്രസമാനമായവർ രാജാവായി മാറും, ബാക്കിയുള്ളവർ സ്വർണ്ണ സമാനം പ്രജകളായി മാറും. കുട്ടികൾ ജന്മമെടുത്തു, ഉടൻ സമ്പത്തിന് അവകാ ശികളായി മാറി. ഇപ്പോൾ നിങ്ങൾ പാവനലോകത്തിന്റെ അവകാശികളായി മാറുന്നു. പിന്നീട് അതിൽ ഉയർന്ന പദവി നേടുന്നതിനായി പുരുഷാർത്ഥം ചെയ്യണം. ഈ സമയത്തെ നിങ്ങളുടെ പുരുഷാർത്ഥം കൽപ കൽപത്തിലേതായി മാറും. മനസ്സിലാക്കാൻ സാധിക്കും കൽപ കൽപം ഇങ്ങനെയുള്ള പുരുഷാർത്ഥ മാണ് ചെയ്യുക. ഇതിലും കൂടുതൽ പുരുഷാർത്ഥം ചെയ്യുകയില്ല. ജന്മ ജന്മാന്തരം, കൽപ–കൽപാന്തരം ഇവർ പ്രജയായിത്തന്നെ വരും. ഇവർ ധനികരായ പ്രജകളുടെ ദാസ– ദാസിമാരാകും. നമ്പർവൈസ് തന്നെയല്ലേ. പഠിപ്പിന്റെ ആധാരത്തിൽ എല്ലാം മനസ്സിലാക്കാൻ സാധിക്കും.ഈ അവസ്ഥയിൽ നിങ്ങൾ ഇന്ന് ശരീരം ഉപേക്ഷിക്കുകയാണെങ്കിൽ എന്തായി മാറുമെന്ന് ബാബക്ക് പെട്ടെന്ന് പറയാൻ കഴിയും. ദിനംപ്രതി ദിനം സമയം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അഥവാ ആരെങ്കിലും ശരീരം ഉപേക്ഷിക്കുക യാണെങ്കിൽ പിന്നെ പഠിക്കാൻ സാധിക്കില്ല, ബാക്കി, അൽപമെന്തെങ്കിലും ബുദ്ധിയിൽ വരും. ശിവബാ ബയെ ഓർമ്മിക്കും. നിങ്ങൾ ഓർമ്മിക്കുമ്പോൾ ചെറിയ കുട്ടികളും ശിവബാബാ... ശിവബാബാ.. എന്ന് പറ യുന്നത് കണ്ടിട്ടില്ലേ. അവർക്കും എന്തെങ്കിലും ലഭിക്കും. ചെറിയ കുട്ടികൾ മഹാത്മാവിനുസമാനമാണ്, വികാരങ്ങളെക്കുറിച്ച് അറിവില്ലാത്തവരാണ്. എത്രത്തോളം വലുതാകുന്നുവോ അത്രത്തോളം വികാര ത്തിന്റെ പ്രഭാവം വർദ്ധിക്കും, ക്രോധമുണ്ടാകും, മോഹമുണ്ടാകും... ഇപ്പോൾ നിങ്ങൾക്ക് മനസ്സിലാക്കി ത്തരുന്നു, ഈ ലോകത്ത് ഈ കണ്ണുകൾ കൊണ്ട് എന്തെല്ലാം കാണുന്നുവോ അതിൽ നിന്നെല്ലാം മമത്വം ഇല്ലാതാക്കണം. ആത്മാവിന് അറിയാം ഇതെല്ലാം ശവപ്പറമ്പാകാൻ പോകുന്നതാണ്. തമോപ്രധാനമായ വസ്തുക്കളാണ്. മനുഷ്യർ മരിക്കുമ്പോൾ പഴയ വസ്തുക്കൾ കർമ്മം ചെയ്യുന്ന ബ്രാഹ്മണർക്ക് നൽകു ന്നു. ബാബയാണെങ്കിൽ പരിധിയില്ലാത്ത ബ്രാഹ്മണനാണ്, അലക്കുകാരനുമാണ്. നിങ്ങളിൽ നിന്നും സ്വീക രിക്കുന്നതെന്താണ്,  എന്നിട്ട് നിങ്ങൾക്ക് നൽകുന്നതെന്താണ്? നിങ്ങൾ നൽകുന്ന അല്പം ധനം, അതും അവസാനിക്കാനുള്ളതാണ്. എന്നിട്ടും ബാബ പറയുന്നു, ഈ ധനം തന്റെ പക്കൽ വയ്ക്കൂ. കേവലം ഇതിൽ നിന്നും മമത്വത്തെ ഇല്ലാതാക്കൂ. കണക്കു വഴക്കുകൾ ബാബക്ക് നൽകിക്കൊണ്ടിരിക്കൂ. പിന്നീട് നിർദ്ദേശങ്ങൾ ലഭിച്ചുകൊണ്ടിരിക്കും. നിങ്ങളുടെ ഈ കക്കകൾ, യൂണിവേഴ്സിറ്റിയിൽ അല്ലെങ്കിൽ ഹോസ്പി റ്റലിൽ ആരോഗ്യത്തിനും, സമ്പത്തിനുമായി ഉപയോഗിക്കും. ആശുപത്രികൾ രോഗികൾക്കുള്ളതാണ്, യൂണിവേഴ്സിറ്റി പഠിക്കാനുള്ളതാണ്. ഇവിടെ ആശുപത്രിയും കോളേജും ഒരുമിച്ചാണ്. ഇതിനായി കേവലം 3 അടി മണ്ണ് മാത്രം മതി. അതുമതി, ആരുടെപക്കലാണോ മറ്റൊന്നുമില്ലാത്തത് അവർ 3 അടി മണ്ണ് നൽകി യാൽ മതി. അതിൽ ക്ലാസ് തുടങ്ങണം. 3 അടി മണ്ണ് എന്നു പറഞ്ഞാൽ ഇരിക്കുന്നതിനുള്ള സ്ഥലം. ഇരി ക്കുന്നതിനുള്ള സ്ഥലം മൂന്നടിയാണുണ്ടാവുക. 3 അടി സ്ഥലത്ത് ആർക്കും വരാം, വന്ന് നല്ലരീതിയിൽ മനസ്സിലാക്കിയിട്ടുപോകാം. ആരെങ്കിലും വന്നു, ഇരിപ്പിടത്തിൽ ഇരുത്തി ബാബയുടെ പരിചയം നൽകി. സേവനം ചെയ്യുന്നതിനായി ചാർട്ടുകളും ഒരുപാട് നിർമ്മിക്കുന്നുണ്ട്, ഇത് വളരെ സഹജമാണ്. ചിത്രവും നല്ലതാണ്, എഴുതിയതും പൂർണ്ണമാണ്. ഇതിലൂടെ നിങ്ങളുടെ വളരെ അധികം സേവനം നടക്കും. ദിനംപ്ര

തിദിനം ഇത്രയും ആപത്തുകളും വന്നുകൊണ്ടിരിക്കും അതിലൂടെ മനുഷ്യർക്ക് വിരക്തിയുണ്ടാകും, പിന്നെ ബാബയെ ഓർമ്മിക്കാൻ തുടങ്ങും– ഞാൻ ആത്മാവ് അവിനാശിയാണ്, തന്റെ അവിനാശിയായ അച്ഛനെ ഓർമ്മിക്കണം. ബാബ സ്വയം പറയുന്നു എന്നെ ഓർമ്മിക്കൂ... എങ്കിൽ നിങ്ങളുടെ ജന്മ ജന്മാന്തരങ്ങളിലെ പാപം ഇല്ലാതാകും. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കണം ഒപ്പം ബാബയോട് പൂർണ്ണമായ സ്നേഹം വെയ്ക്കണം. ദേഹാഭിമാനത്തിലേയ്ക്ക് വരരുത്. ബാക്കി, കുട്ടികളോട് പുറത്ത് സ്നേഹം വെയ്ക്കണം. പക്ഷേ ആത്മാവിന്റെ സത്യമായ സ്നേഹം ആത്മീയ അച്ഛനോടായിരിക്കണം. ബാബയുടെ ഓർമ്മയിലൂടെയേ വികർമ്മം വിനാശമാകൂ. മിത്ര– സംബന്ധികൾ, കുട്ടികൾ മുതലായവരെ കണ്ടുകൊണ്ടും ബുദ്ധി ബാബയുടെ ഓർമ്മയിൽ കുടുങ്ങിയിരിക്കണം. നിങ്ങൾ കുട്ടികൾ ഓർമ്മയാകുന്ന തൂക്കുകയറിൽ തൂങ്ങിയിരിക്കണം. ആത്മാവിന് തന്റെ പിതാവായ പരമാത്മാവിനെത്തന്നെയാണ് ഓർമ്മിക്കേണ്ടത്. ബുദ്ധി മുകളിൽ കുടുങ്ങിയിരിക്കണം. ബാബയുടെ വീടും മുകളിലല്ലേ. മൂലവതനം, സൂക്ഷ്മവതനം പിന്നെ ഇത് സ്ഥൂലവതനമാണ്. ഇപ്പോൾ വീണ്ടും തിരിച്ചുപോകണം.

ഇപ്പോൾ നിങ്ങളുടെ യാത്ര പൂർത്തിയായിരിക്കുന്നു. നിങ്ങൾ ഇപ്പോൾ യാത്രകഴിഞ്ഞ് തിരികെവരികയാണ്. അതാണ് പരിധിയില്ലാത്ത വീട്. വീണ്ടും തിരിച്ച് തന്റെ വീട്ടിലേയ്ക്ക് പോകണം. വീട്ടിലേക്ക് പോകുന്നതിനായി മനുഷ്യർ ഭക്തി ചെയ്യുന്നു, എന്നാൽ ജ്ഞാനം പൂർണ്ണമായി ഇല്ലാത്തതിനാൽ പോകാൻ കഴിയില്ല. ഭഗവാന്റെ അടുത്തേയ്ക്ക് പോകുന്നതിനായി അഥവാ നിർവ്വാണധാമത്തിലേയ്ക്ക് പോകുന്നതിനായി എത്രയധികം തീർത്ഥയാത്രകൾ ചെയ്യുന്നു, പരിശ്രമിക്കുന്നു. സന്യാസിമാർ ശാന്തിക്കുള്ള വഴി മാത്രമാണ് പറഞ്ഞുതരുന്നത്. സുഖധാമത്തെ അറിയുകയേയില്ല. സുഖധാമത്തിലേയ്ക്കുള്ള വഴി ബാബ മാത്രമാണ് പറഞ്ഞുതരുന്നത്. ആദ്യം തീർച്ചയായും നിർവ്വാണധാമം, വാനപ്രസ്ഥത്തിലേക്ക് പോകണം അതിനെയാണ് ബ്രഹ്മാണ്ഡം എന്നു പറയുന്നത്. അവർ ബ്രഹ്മമാണ് ഈശ്വരൻ എന്ന് കരുതിയിരിക്കുന്നത്. നമ്മൾ ആത്മാക്കൾ ബിന്ദുവാണ്. നമ്മുടെ വാസസ്ഥാനമാണ് ബ്രഹ്മാണ്ഡം. നിങ്ങളുടെ പൂജയും ഉണ്ടാകുന്നുണ്ടല്ലോ. ഇപ്പോൾ ബിന്ദുവിനെ എങ്ങനെ പൂജിക്കാനാണ്. പൂജിക്കുന്ന സമയത്ത് സാലിഗ്രാമങ്ങളെ നിർമ്മിച്ച് ഓരോ ഓരോ ആത്മാവിനേയും പൂജിക്കുന്നു. ബിന്ദുവിനെ എങ്ങനെ പൂജിക്കും– അതിനാൽ വലിയ വലിയ രൂപങ്ങൾ ഉണ്ടാക്കുന്നു. ബാബക്കും തന്റേതായ ശരീരമില്ല. ഈ കാര്യങ്ങൾ ഇപ്പോൾ നിങ്ങൾക്കറിയാം. ചിത്രങ്ങളിലും നിങ്ങൾക്ക് വലിയ രൂപങ്ങൾ കാണിക്കേണ്ടതായി വരും. ബിന്ദുവിനെ എങ്ങനെ മനസ്സിലാക്കിക്കൊടുക്കും? നക്ഷത്രത്തെ ഉണ്ടാക്കണം. ഇങ്ങനെയുള്ള തിലകങ്ങളും മാതാക്കൾ ഒരുപാട് നിർമ്മിക്കുന്നുണ്ട്, വെളുത്ത നിറത്തിലുള്ളത് തയ്യാറാക്കിയത് വാങ്ങാൻ കിട്ടും. ആത്മാവും നക്ഷത്രത്തെപ്പോലെ വെളുത്തതല്ലേ. ഇതും ഒരു അടയാളമാണ്. ഭൃകുടീമദ്ധ്യത്തിലാണ് ആത്മാവ് വസിക്കുന്നത്. അല്ലാതെ ഇതിന്റെ അർത്ഥം ആർക്കും അറിയില്ല. ഇത് ബാബയാണ് മനസ്സിലാക്കിത്തരുന്നത് ഇത്രയും ചെറിയ ആത്മാവിൽ എത്ര ജ്ഞാനമാണ്. എത്ര ബോംബുകളാണ് നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. അത്ഭുതമല്ലേ, ആത്മാവിൽ ഇത്രയും പാർട്ട് നിറഞ്ഞിരിക്കുകയാണ്. ഇത് വളരെ ഗുഹ്യമായ കാര്യമാണ്. ഇത്രയും ചെറിയ ആത്മാവ് ശരീരത്തിലൂടെ എത്രയധികം ജോലികളാണ് ചെയ്യുന്നത്. ആത്മാവ് അവിനാശിയാണ്, അതിന്റെ പാർട്ടിന് ഒരിയ്ക്കലും വിനാശമുണ്ടാകില്ല. പാർട്ടിൽ മാറ്റം വരികയുമില്ല. ഇപ്പോൾ വൃക്ഷം വളരെ വലുതാണ്. സത്യയുഗത്തിൽ വൃക്ഷം വളരെ ചെറുതായിരിക്കും. പഴയതാവുകതന്നെ വേണം. വൃക്ഷത്തിന്റെ മധുരമായ ചെറിയ തൈകൾ ഇപ്പോൾ നട്ടുകൊണ്ടിരിക്കുകയാണ്. നിങ്ങൾ പതിതമായിരുന്നു ഇപ്പോൾ വീണ്ടും പാവനമായി മാറുകയാണ്. ചെറിയ ആത്മാവിൽ എത്ര പാർട്ടാണ്. അത്ഭുതമിതാണ്, അവിനാശിയായ പാർട്ട് നടന്നുകൊണ്ടേയിരിക്കും. ഇത് ഒരിക്കലും അവസാനിക്കില്ല, അവിനാശിയായ വസ്തുവാണ്, അതിൽ അവിനാശിയായ പാർട്ട് അടങ്ങിയിരിക്കുന്നു. ഇത് അത്ഭുതമല്ലേ. ബാബ മനസ്സിലാക്കിത്തരുന്നു– കുട്ടികളേ, ദേഹീ അഭിമാനിയായി മാറണം. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ, ഇതിലാണ് പരിശ്രമം, പാർട്ട് കൂടുതലുള്ളത് നിങ്ങൾക്കാണ്. നിങ്ങൾക്കുള്ളത്ര പാർട്ട് ബാബക്കില്ല.

ബാബ പറയുന്നു, നിങ്ങൾ സ്വർഗ്ഗത്തിൽ സുഖിയായി മാറുമ്പോൾ ഞാൻ വിശ്രമിക്കും. എനിക്ക് ഒരു പാർട്ടുമില്ല. ഈ സമയത്ത് അത്രയും സേവനം ചെയ്യുന്നുണ്ടല്ലോ. ഈ ജ്ഞാനം വളരെ അത്ഭുതകരമാണ്, നിങ്ങൾക്കല്ലാതെ മറ്റാർക്കും ഇത് അൽപം പോലും മനസ്സിലാക്കാൻ സാധിക്കില്ല. ബാബയുടെ ഓർമ്മയിൽ ഇരിക്കാതെ ധാരണയുമുണ്ടാകില്ല. കഴിക്കുന്നതിലും,കുടിക്കുന്നതിലും വ്യത്യാസം വരുന്നതിലൂടെയും ധാരണയിൽ മാറ്റമുണ്ടാകും, ഇതിൽ വളരെയധികം പവിത്രത ആവശ്യമാണ്. ബാബയെ ഓർമ്മിക്കുന്നത് വളരെ സഹജമാണ്. ബാബയെ ഓർമ്മിക്കണം സമ്പത്ത് നേടണം അതിനാൽ ബാബ പറഞ്ഞിട്ടുണ്ട് നിങ്ങൾ നിങ്ങളുടെ പക്കൽ ചിത്രങ്ങൾ കരുതൂ. യോഗത്തിന്റെയും, സമ്പത്തിന്റേയും ചിത്രങ്ങളുണ്ടാക്കൂ, എങ്കിൽ ലഹരിയുണ്ടാകും. നമ്മൾ ബ്രാഹ്മണർ ദേവതയായി മാറുകയാണ്. പിന്നീട് നമ്മൾ ദേവതയും, ക്ഷത്രിയനുമായി മാറും. ബ്രാഹ്മണർ പുരുഷോത്തമ സംഗമയുഗികളാണ്. നിങ്ങൾ പുരുഷോത്തമരായി മാറുകയല്ലേ. ഈ കാര്യങ്ങളെ മനുഷ്യരുടെ ബുദ്ധിയിൽ ഇരുത്താൻ എത്ര പരിശ്രമിക്കേണ്ടി വരുന്നു. ദിവസങ്ങൾ

പോകുന്തോറും എത്ര ജ്ഞാനം മനസ്സിലാക്കുന്നോ അത്രയും സന്തോഷവും വർദ്ധിക്കും.

നിങ്ങൾ കുട്ടികൾക്കറിയാം, ബാബ നമുക്ക് ഒരുപാട് മംഗളം ചെയ്യുന്നുണ്ട്. കൽപ കൽപം നമ്മുടെ ഉയരുന്ന കലയുണ്ടാകും. ഇവിടെ ഇരുന്നുകൊണ്ടും ശരീര നിർവ്വഹണാർത്ഥം എല്ലാം ചെയ്യേണ്ടതായി വരുന്നു. ബുദ്ധിയിൽ ഉണ്ടായിരിക്കണം, നമ്മൾ ശിവബാബയുടെ ഭണ്ഢാരിയിൽ നിന്നാണ് കഴിക്കുന്നത്, ശിവബാബയെ ഓർമ്മിച്ചുകൊണ്ടിരുന്നാൽ കാലക്കേടെല്ലാം ദൂരെയാകും. പിന്നീട് ഈ പഴയ ശരീരം ഉപേക്ഷിച്ച് പോകും. കുട്ടികൾ മനസ്സിലാക്കുന്നു- ബാബ ഒന്നും സ്വീകരിക്കുന്നില്ല. ബാബ ദാതാവാണ്. ബാബ പറയുന്നു എന്റെ ശ്രീമതമനുസരിച്ച് നടക്കൂ. നിങ്ങളുടെ ധനം ആർക്ക് ദാനം നൽകണമെന്ന കാര്യത്തിൽ വളരെ ശ്രദ്ധിക്കണം. അഥവാ ആർക്കെങ്കിലും പൈസ കൊടുത്തു അവർ അതുകൊണ്ടുപോയി മദ്യം കഴിച്ചു, മോശമായ കാര്യം ചെയ്തുവെങ്കിൽ അതിന്റെ പാപം നിങ്ങളുടെമേൽ വരും. പാപാത്മാക്കളുമായി കൊടുക്കൽ വാങ്ങൽ നടത്തിയാൽ പാപാത്മാവായി മാറും. എത്ര വ്യത്യാസമുണ്ട്. പാപാത്മാവ്, പാപാത്മാവുമായിത്തന്നെ കൊടുക്കൽ വാങ്ങൽ നടത്തി പാപാത്മാവായി മാറുന്നു. ഇവിടെയാണെങ്കിൽ നിങ്ങൾക്ക് പുണ്യാത്മാവായി മാറണം അതിനാൽ പാപാത്മാക്കളുമായി കൊടുക്കൽ വാങ്ങൽ നടത്തരുത്. ബാബ പറയുന്നു ആർക്കും ദുഃഖം നൽകരുത്, ആരിലും മോഹം വെക്കരുത്. ബാബയും സാക്രിനായാണ് വരുന്നത്. പഴയ കക്കയെ സ്വീകരിക്കുന്നു, നോക്കൂ, എന്നിട്ട് എത്ര പലിശയാണ് നൽകുന്നത്. വളരെയധികം പലിശയാണ് ലഭിക്കുന്നത്. എത്ര നിഷ്കളങ്കനാണ്, രണ്ടുപിടിയ്ക്ക് പകരം കൊട്ടാരം നൽകുന്നു. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചുകിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും, പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഇപ്പോൾ യാത്ര പൂർത്തിയായിരിക്കുന്നു, തിരിച്ച് വീട്ടിലേക്ക് പോകണം. അതിനാൽ ഈ പഴയ ലോകത്തോട് പരിധിയില്ലാത്ത വൈരാഗ്യം വെച്ച് ബുദ്ധിയോഗത്തെ ബാബയുടെ ഓർമ്മയിൽ മുകളിൽ കുടുക്കണം.

2) സംഗമയുഗത്തിൽ ബാബ രചിച്ച യജ്ഞത്തിന്റെ സംരക്ഷണത്തിനായി സത്യം സത്യമായ പവിത്ര ബ്രാഹ്മണനായി മാറണം. ജോലിവേലകൾ ചെയ്തുകൊണ്ടും ബാബയുടെ ഓർമ്മയിൽ ഇരിക്കണം.

## വരദാനം- ആദിരത്നങ്ങളുടെ സ്മൃതിയിലൂടെ തന്റെ ജീവിതത്തിന്റെ മൂല്യത്തെ തിരിച്ചറിയുന്ന സദാ സമർത്ഥരായി ഭവിക്കട്ടെ.

എങ്ങിനെയാണോ ബ്രഹ്മാബാബയെ ആദിദേവൻ എന്ന് പറയുന്നത് അതുപോലെ ബ്രഹ്മാകുമാരൻമാരും, കുമാരിമാരും ആദിരത്നങ്ങളാണ്. ആദിദേവന്റെ കുട്ടികൾ മാസ്റ്റർ ആദിദേവനാണ്. ആദിരത്നങ്ങളെന്ന് മനസ്സിലാക്കുന്നതിലൂടെതന്നെ തന്റെ ജീവിതത്തിന്റെ മൂല്യത്തെ തിരിച്ചറിയുന്നു.എന്തെന്നാൽ ആദിരത്നമെന്നാൽ പ്രഭുവിന്റെ രത്നം, ഈശ്വരീയ രത്നം എന്നാണ് അർത്ഥം.അപ്പോൾ എത്ര മൂല്യമുള്ളതായി.അതുകൊണ്ട് സദാ അവനവനെ ആദിദേവന്റെ കുട്ടിയായ മാസ്റ്റർ ആദിദേവനെന്നും, ആദിരത്നമെന്നും മനസ്സിലാക്കി ഓരോകാര്യങ്ങളും ചെയ്യുകയാണെങ്കിൽ സമർത്ഥ ഭവ: എന്ന വരദാനം ലഭിക്കുന്നു, ഒന്നും വ്യർത്ഥമായിപ്പോകാത്ത അവസ്ഥയുമുണ്ടാകുന്നു.

## സ്ലോഗൻ:- ചതി പറ്റുന്നതിനു മുൻപുതന്നെ അതിനെ തിരിച്ചറിഞ്ഞ് സ്വയത്തെ സംരക്ഷിക്കുന്നവരാണ് ജ്ഞാനീ തൂ ആത്മാക്കൾ.

**തന്റെ ശക്തിശാലിയായ മനസ്സിലൂടെ സകാശ് നൽകുന്ന സേവനം ചെയ്യൂ...**
ഇപ്പോൾ സകാശ് നൽകുന്ന സേവനം ചെയ്യണം.ആത്മാക്കളുടെ ബുദ്ധിയെ പരിവർത്തനം ചെയ്യുന്ന സേവനം കൂടി ചെയ്യാൻതുടങ്ങൂ..അപ്പോൾ സഫലത താങ്കളുടെ മുന്നിൽ ശിരസ്സ് നമിക്കുന്നത് കാണാനാവും.സേവനങ്ങളിൽ വരുന്ന വിഘ്നങ്ങളുടെ കർട്ടനുപിറകിൽ മംഗളത്തിന്റെ ദൃശ്യങ്ങൾഒളിഞ്ഞിരിക്കുന്നുണ്ട്.മനസാസക്തികൊണ്ടും, വാചാശക്തികൊണ്ടും മാത്രം വിഘ്നങ്ങളുടെ മറ നീക്കിയാൽ അകത്ത് മംഗളകാരി ദൃശ്യങ്ങൾ കാണാനാകും.